പുതിയ വൈദ്യുതി കണക്ഷനുകൾ

594. [810] ശ്രീ. ടി. എസ്. ജോൺ :
,, എം. വി. മാണി :
,, ഇ. ജെ. ലൂക്കോസ് :
,, സി. എഫ്. തോമസ് :
,, തോമസ് കല്ലമ്പള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്തംബർവരെ എത്ര പുതിയ കണക്ഷനുകൾ നൽകി ;

(ബി) ഈ ഗവൺമെൻറിൻെറ കാലാവധി തീരുന്നതിനുമുൻപുതന്നെ വീടുവൈദ്യുതീകരിക്കുന്നതിന് അപേക്ഷിച്ചവർക്കെല്ലാം വൈദ്യുതി കണക്ഷനുകൾ നൽകുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് പവർകട്ട് നിലവിലുണ്ടോ ;

(ഡി) ഈ വർഷം വീണ്ടും പവർകട്ട് വേണ്ടിവരുമോ ?

ഉത്തരം

(എ) 648743 എണ്ണം.
(ബി) നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷ
(സി) ഇല്ല.
(ഡി) ജല സംഭരണികളിലെ നിലമെച്ചപ്പെട്ടില്ലെങ്കിൽ വേണ്ടിവരും.

കോലിയക്കോട് ഹരിജൻ കോളനിയുടെ വൈദ്യുതീകരണം

595. [814] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിൽ നേമം പഞ്ചായത്തിൽ കോലിയക്കോട് ഹരിജൻ കോളനിയിലെ വീടുകൾ പഞ്ചായത്തിൻെറ സഹായത്താൽ വയർ ചെയ്ത് സി. ഡി. യും അടച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വീടുകൾക്ക് വൈദ്യുതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) & (ബി) 1986-87 സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരണം നൽകുന്നതിനു വിധം ഡിസ്ട്രിക്റ്റ് വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച കോളനികളിൽ കോലിയക്കോട് ഹരിജൻ കോളനിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിയുന്നതും വേഗം കണക്ഷൻ നൽകുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly